(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഗ്രാമീണ വിനോദസഞ്ചാര പദ്ധതി

1 [1779] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൈക്കൊണ്ട പ്രധാന നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമൂലമുണ്ടായ വിനോദസഞ്ചാരികളുടെ വർദ്ധന എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) വിനോദസഞ്ചാര സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ഗ്രാമീണ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.†

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ 2002 വർഷം 2001-നേക്കാൾ 11.37 ശതമാനം വർദ്ധനവും 2003 വർഷം 2002-നേക്കാൾ 26.68 ശതമാനം വർദ്ധനവും ഉണ്ടായതായി കണക്കാക്കുന്നു. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ ഇതേ കാലയളവിൽ ഉണ്ടായ വർദ്ധനവ് യഥാക്രമം 6.27 ശതമാനം, 5.44 ശതമാനം ആണെന്നു കണക്കാക്കുന്നു.

(സി) ഉണ്ട്. കേരളത്തിലെ ആദ്യത്തെ ഗ്രാമീണ ടൂറിസം പദ്ധതി എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമത്തിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയ്ക്കായി 50 ലക്ഷം രൂപ കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ വർഷം തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് ഗ്രാമീണ ടൂറിസം പദ്ധതിയുടെ ഭാഗമായി ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജ് പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

വിനോദസഞ്ചാര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

2 [1780] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാരിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[13-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1 (1779) ദയവായി കാണുക]

ഒരു ആഗോള വ്യവസായമായി കഴിഞ്ഞ ടൂറിസത്തെ കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക പുരോഗതിയ്ക്ക് നിർണ്ണായക ഘടകമാക്കി മാറ്റുന്നതിന് നാനാവിധ പദ്ധതികളും പരിപാടികളും ഈ സർക്കാർ നിലവിൽവന്നതിനുശേഷം ടൂറിസം വകുപ്പ് നടപ്പിലാക്കുകയുണ്ടായി.

1. കേരളത്തിലെ ടൂറിസം വികസനത്തിന് മാർഗ്ഗനിർദ്ദേശരേഖയായി ടൂറിസം വിഷൻ 2025 പ്രഖ്യാപിച്ചു.

2. ടൂറിസം വികസനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഉന്നതാധികാരസമിതി രൂപീകരിച്ചു.

3. കേരളത്തിലുടനീളമുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള പ്രത്യേക പദ്ധതികൾ പത്താം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി.

4. ടൂറിസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഗവൺമെന്റിന്റെ നയങ്ങളും, നിയമനിർമ്മാണങ്ങളും മാറ്റുന്നതിനുതകുന്ന നടപടികൾ സ്വീകരിച്ചു.

5. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആസൂത്രിത വികസനം നടപ്പിലാക്കുന്നതിന് സഹായങ്ങളാകുന്ന നിയമനിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിച്ചു.

6. സംസ്ഥാനത്തിന്റെ കലാ-സംസ്ക്കാരം, പാരമ്പര്യം എന്നിവ സംരക്ഷിക്കാനും, പരിരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു.

7. വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പരിസ്ഥിതി ഭദ്രവും, സ്ഥിരസ്ഥായിയുമായുള്ള ടൂറിസം പഠനങ്ങളും, പ്രവർത്തനങ്ങളും നടപ്പിലാക്കി.

8. ടൂറിസം സേവനമേഖലയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

9. കേരള വിനോദസഞ്ചാര ഉത്പന്നങ്ങൾ ദേശീയ - അന്തർദേശീയ തലത്തിൽ വിപണനം ചെയ്യുന്നതിനായി ദേശീയ - അന്തർദേശീയ ടൂറിസം മേളകളിൽ പങ്കെടുക്കുകയും, സംഘടിപ്പിക്കുകയും ചെയ്തു.

10. ഇൻഫർമേഷൻ ടെക്നോളജി ടൂറിസം വിപണനത്തിന് വിജയകരമായി ഉപയോഗിച്ചു.

11. ജനങ്ങളിലും ടൂറിസ്റ്റുകളുമായി നേരിട്ട് ബന്ധപ്പെടുന്ന മേഖലകളിലും വിനോദസഞ്ചാരത്തെക്കുറിച്ച് അനുകൂലമായ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly